**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3579** **02-03-2023 - ൽ മറുപടിയ്ക്ക്**

**സത്രം എൻ.സി.സി. എയർ സ്ട്രിപ്പിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പീരുമേട് താലൂക്കിൽ നിർമ്മാണം പൂത്തിയാക്കി വരുന്ന സത്രം എൻ.സി.സി. എയർ സ്ട്രിപ്പിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | പീരുമേട് താലൂക്കിൽ നിർമ്മാണം പൂർത്തീകരിച്ചു വരുന്ന സത്രം എയർ സ്ട്രിപ്പിൽ 01/12/2022 തീയതി രാവിലെ 10.30 മണിയ്ക്ക് SW-80 എന്ന പരിശീലന വിമാനം ടയൽ ലാന്റിംഗ് നടത്തി കേഡറ്റുകൾക്ക് ഫ്ലയിംഗ് പരിശീലനത്തിന് എയർ സ്ട്രിപ്പിനെ സജ്ജമാക്കുന്നതിനായി അടിയന്തര നിർമ്മാണ പ്രവൃത്തികൾ നടന്നുവരുകയാണ്. ഹാംഗറിന്റെ അവസാനഘട്ട നിർമ്മാണവും ഡ്രെയിനേജ് നിർമ്മാണവും ലാന്റിംഗിനു തടസ്സമായി നിൽക്കുന്ന മൺതിട്ട നീക്കം ചെയ്യുന്ന പ്രവൃത്തിയും, കൂടാതെ അപ്രോച്ച്റോഡിന്റെ ടെൻഡർ നടപടിയും, മറ്റു അനുബന്ധ നിർമ്മാണ പ്രവൃത്തികളും പൂർത്തീകരിച്ചു വരുന്നു. എയർസ്ട്രിപ്പിന് വൈദ്യുതി കണക്ഷൻ ലഭ്യമായി. റൺവെയുടെ വാലിഭാഗം കഴിഞ്ഞ വർഷം ജൂലൈയിൽ പെയ്ത കനത്ത മഴയിൽ ഒലിച്ചു പോയിരുന്നു. ടി ഭാഗം പുനർ നിർമ്മിക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചു വരുന്നു. |
| (ബി) | സത്രം എൻ.സി.സി. എയർ സ്ട്രിപ്പിൽ ഈ വരുന്ന അക്കാദമിക് വർഷം എൻ.സി.സി. കേഡറ്റുകൾക്ക് പരിശീലനം ആരംഭിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | നിലവിൽ ലാന്റിംഗിനു തടസ്സമായി നിൽക്കുന്ന മൺതിട്ട നീക്കം ചെയ്യുന്നതിന് മഞ്ചുമല ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസർ സെറ്റിൽമെന്റ് നടപടികൾ പൂർത്തീകരിച്ചു വരുന്നു. കനത്ത മഴയിൽ ഒലിച്ചുപോയ റൺവെയുടെ താഴ്വരഭാഗം പുനർനിർമ്മാണവും എയർ സ്ട്രിപ്പിന്റെ സാങ്കേതിക തടസ്സങ്ങളും നീക്കി മറ്റ് അടിയന്തര നിർമ്മാണ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് വഴി പൂർത്തീകരിച്ചതിനുശേഷം മാത്രമേ കേഡറ്റുകളുടെ ഫ്ലയിംഗ് പരിശീലനം സുരക്ഷിതമായി നടത്താൻ സാധിക്കുകയുള്ളൂ |

സെക്ഷൻ ഓഫീസർ